# തിരുവിതാംകൂർ ദേവസ്വം ബോർഡ്

മരാമത്ത് വിഭാഗം

നമ്പർ.59

തിരുവനന്തപുരം

തീയതി:20/04/2022

**<u>ലേല പരസ്യം</u>**

ഉള്ളൂർ ഗ്രൂപ്പിൽപ്പെട്ട കഴക്കൂട്ടം ശാസ്ത ക്ഷേത്രത്തിന്റെ ശ്രീകോവിൽ പൊളിച്ച വകയിൽ കിട്ടിയ മേൽക്കൂരയുടെ തടി മുതലായവ ലേലം ചെയ്യുന്നത് സംബന്ധിച്ച് 2022-ാമാണ്ട് ഏപ്രിൽ 23-ാം തീയതി 11 മണിയ്ക്ക് പരസ്യമായി ലേലത്തിൽ വിൽക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ അന്നേ ദിവസം ഹാജരായി താഴെ പറയുന്ന നിരതദ്രവ്യം കെട്ടി വച്ച് ലേലത്തിൽ പങ്കെടുക്കേണ്ടതാണ്.

ലേലം കൂടുതൽ തുകയ്ക്ക് വിളി കേൾക്കുന്നയാൾ നിരതദ്രവ്യം ഉൾപ്പെടെ ഒന്നു പകുതി തുകയും ഉടനടി കെട്ടി വയ്ക്കേണ്ടതാണ്. ഏറ്റവും കൂടുതൽ തുകയ്ക്ക് വിളി കേൾക്കുന്നയാളിന്റെ പേരിൽ ലേലം അനുവദിയ്ക്കുന്നതും തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും ലേലാനുമതി ലഭിക്കുന്ന മുറയ്ക്ക് ബാക്കിയുള്ള തുക നികുതികൾ ഉൾപ്പെടെ കെട്ടി വച്ച് ലേല സാധനങ്ങൾ സ്വന്തം ചെലവിൽ കൊണ്ട് പോകേണ്ടതാണ്. വിളിക്കുന്നയാളിന്റേതൊഴിച്ച് മറ്റുള്ളവരുടെ നിരതദ്രവ്യം ലേലം അവസാനിക്കുന്ന മുറയ്ക്ക് തിരികെ കൊടുക്കുന്നതാണ്. ലേലം കൊണ്ട വ്യക്തി ലേലത്തിൽ നിന്നും പിൻമാറുകയാണെങ്കിൽ ടിയാൻ ലേല സമയത്ത് കെട്ടിവച്ച സെക്യൂരിറ്റി തുക ഡിപ്പാർട്ട്മെന്റിൽ മുതൽകൂട്ടുന്നതാണ്.

ലേലത്തെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾ ഉള്ളൂർ അസിസ്റ്റന്റ് എഞ്ചിനീയർ ആഫീസിൽ നിന്നോ ഈ ആഫീസിൽ നിന്നോ എല്ലാ പ്രവൃത്തി ദിവസങ്ങളിൽ ആഫീസ് സമയങ്ങളിൽ അറിയാവുന്നതാണ്. ലേലം സ്ഥിരപ്പെടുത്തിയതിന് ശേഷം ഉണ്ടാകുന്ന നഷ്ടങ്ങൾക്ക് ഡിപ്പാർട്ട്മെന്റ് ഉത്തരവാദിയായിരിക്കുന്നതല്ല. സ്ഥിരപ്പെടുത്തുന്നതിനും, നിരാകരിക്കുന്നതിനുമുള്ള അധികാരം ഡിപ്പാർട്ട്മെന്റിൽ നിക്ഷിപ്തമായിരിക്കും.

അടങ്കൽ തുക : Rs.14,685/-
നിരതദ്രവ്യം : Rs.400/-

Sd/-
എക്സിക്യൂട്ടീവ് എഞ്ചിനീയർ
തിരുവിതാംകൂർ ദേവസ്വം ബോർഡ്
തിരുവനന്തപുരം